അമ്പലത്തിലെ പൂട്ട് പൊളിച്ച് അകത്ത് കയറി മോഷണം നടത്തിയ മോഷ്ടാവിനെ പിടികൂടി. മലപ്പുറം പുല്ലംകോട് കല്ലാമ്മൂല ഭാഗത്ത് കുന്നുത്തേൽ വീട്ടിൽ സൂരേഷ് (പനച്ചിപ്പാറ സൂരേഷ് 62) നെയാണ് കൂത്താട്ടുകുളം പോലീസ് അറസ്റ്റ് ചെയ്തത്. തിങ്കളാഴ്ച രാത്രി കൂത്താട്ടുകുളം കിഴകൊമ്പ് ശ്രീകാർത്തികേയ ഭജന സമാജം ക്ഷേത്രത്തിന്റെ തിടപ്പള്ളിയുടെ പൂട്ട് പൊളിച്ച് അകത്ത് കയറി വിഗ്രഹത്തിൽ ചാർത്തിയിരുന്ന വെള്ളി മാലയും, വെളി അരഞ്ഞാണവും. അമ്പലത്തിലെ ഭണ്ഡാരങ്ങൾ കുത്തിപ്പൊളിച്ച് പണവും മോഷ്ടിച്ചെടുക്കുകയായിരുന്നു. കേരളത്തിലെ വിവിധ പോലീസ് സ്റ്റേഷനുകളിലായി ഒട്ടേറെ മോഷണ കേസുകളിലെ പ്രതിയാണ് ഇയാൾ.